MAHBIL/2015/63218 | MNE/353/2018-20 | MR/Tech/WPP-323/NE/2018

# Kalyan Lantern

APRIL-MAY 2020

Vol. 06 | Issue 01 | MUMBAI | 40 Pages | Price: ₹10/-







## RELATING FAITH AND CULTURE: CHRISTIAN ART FORMS OF KERALA




# പിതാവിന്റെ സന്ദേശം



യേശുവിൽ സ്നേഹമുള്ളവരെ,

എല്ലാവരും *Covid-19 Lockdown* ന്റെ കാലത്തിലൂടെ കടന്നു പോവുകയാണല്ലോ. കല്യാൺ രൂപതയുടെ മാഗസിൻ ആയ "KALYAN LANTERN" ഈ സാഹചര്യത്തിൽ *print form* ആയി *publish* ചെയ്യാൻ സാധിക്കില്ല. ഈ മാസം മുതൽ *Magazine 'PDF'* ആയും *'Digital Version'* (*Website:* [www.thekalyanlantern.com](http://www.thekalyanlantern.com)) ആയും *share* ചെയ്യാൻ തുടങ്ങുന്നു.

*'Kalyan Lantern Editorial Team'* ന്റെ നേതൃത്വത്തിൽ വിവിധങ്ങളായ വിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള ലേഖനങ്ങൾ നിങ്ങളിലേക്ക് എത്തിക്കപ്പെടുകയും, അവ ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ മാസം മുതൽ *share* ചെയ്യുന്ന *'Kalyan Lantern Digital Version'* എല്ലാവരും വായിക്കുകയും നിങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുക.

*Kalyan Lantern Editorial Team* നേയും ഈ മാഗസിനു വേണ്ടി സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ തോമസ് ഇലവനാൽ**
കല്യാൺ രൂപതയുടെ മെത്രാൻ



KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO MY FEET & A LIGHT TO MY PATH

APRIL-MAY 2020
Vol. 06 | Issue 01

**PATRON**
Bishop Mar Thomas Elavanal

**CHAIRMAN**
Msgr. Emmanuel Kadankavil

**CHIEF EDITOR**
Fr. Biju Mannamcheril

**ASSOCIATE EDITOR**
Fr. Shaiju Augustine Kattayath

**EDITORIAL BOARD**
Dr. C.P. Johnson
Mr. George Chirayath
Mr. A.F. Thomas
Mr. Jimmy Antony
Mr. Antony Cyriac
Ms. Jerin Jacob
Mrs. Elizabeth Dimal

**MARKETING MANAGERS**
Fr. Sebastian Mudakkalil
Mr. Roy Philip

**CIRCULATION MANAGER**
Fr. Royas Kalaparambil

**CONSULTORS**
Dr. Rosily Thomas
Mr. Roy Kottaram
Mr. Babu Mathew
Mr. Joseph John

**OFFICE SECRETARY**
Mr. Joseph Chiramal

**DESIGN & LAYOUT**
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20

# ആദ്യ ശില്പി

"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും, ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിപ്പിക്കുകയും ചെയ്തു". (ഉൽപത്തി 1:7)

മനുഷ്യനെ മണ്ണുകൊണ്ട് മെനഞ്ഞ ആദ്യശില്പി ദൈവം തന്നെയാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മെനഞ്ഞെടുത്തു ജീവൻ കൊടുത്ത ആദ്യ ശില്പി. ഓരോ ശില്പങ്ങളും രൂപപ്പെടുന്നത് ശില്പിയുടെ മനസ്സിലെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമ്പോഴാണ്. ദൈവസ്നേഹത്തിന്റെ മൂർത്തിഭാവമാണ് ഓരോ മനുഷ്യനും. എന്നാൽ ഈ ദൈവസ്നേഹം വർണ്ണിക്കപ്പെട്ടിരുന്നതും പകർന്നു കൊടുക്കപ്പെട്ടിരുന്നതും വായ്മൊഴിയിലൂടെയും, കഥകളിലൂടെയും, കലകളിലൂടെയും, സംഗീതങ്ങളിലൂടെയുമാണെന്ന് ചരിത്രതാളുകളിൽ നിന്നും മനസ്സിലാക്കാം. പില്ക്കാലങ്ങളിലാണ് അവ ലിഖിതരൂപത്തിലായത്. ഈ ലക്കത്തിലൂടെ "<u>**വിശ്വാസവും സംസ്കാരവും; കേരളത്തിലെ ക്രിസ്തീയ കലാരൂപങ്ങളിലൂടെ**</u>" എന്ന വിഷയത്തെ ആസ്പദമാക്കിയിട്ടുള്ളതാണ്.

മൺമറഞ്ഞു പൊയ്കൊണ്ടിരിക്കുന്ന വിവിധങ്ങളായ കലാ-സാഹിത്യ-സംഗീത മേഖലകളിൽ ക്രിസ്തീയ വിശ്വാസ പൈതൃകസംസ്കാര ചിന്തകൾ അടങ്ങിയിരുന്നുവെന്നും തലമുറകളായി അവ കൈമാറി പോയിരുന്നുവെന്നും ചിലത് ഇന്നും നമ്മുടെ സംസ്കാരങ്ങളിൽ ദൃശ്യമാണെന്നും ഓർമ്മപ്പെടുത്തുന്നു.

കാലവും ലോകവും വളർച്ചയുടെ പടികൾ പിന്നിട്ടപ്പോൾ ഈ മാധ്യമങ്ങൾക്ക് പുതിയൊരു മുഖമായി രൂപാന്തരപ്പെടുകയും ഇന്നും ഈ സംസ്കാരം തുടരുന്നതായും നാം കാണുന്നു.

കോവിഡ് - 19 എന്ന ഭീതിയിലൂടെ നിഴലിൽ ജീവിക്കുമ്പോഴും പ്രത്യാശയുടെ പ്രകാശമായ മിശിഹായെ ധ്യാനിച്ച് പ്രതീക്ഷയുടെ നാളുകളെ പ്രാർത്ഥനാരവങ്ങളോടെ കാത്തിരിക്കാം.

'പെറ്റമ്മ നിന്നെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു' (ഏശയ്യാ. 49:15-16)

# കേരളത്തിലെ ക്രിസ്തീയ കലാരൂപങ്ങൾ

**പരമ്പരാഗതമായ കേരള ക്രിസ്തീയ കലയുടെ വിവിധ രൂപങ്ങൾ, ക്രൈസ്തവവീകതയുടെ അന്തസത്തയേയും, കേരള സംസ്കാരത്തിന്റെ തനിമയേയും, ആകർഷണീയമായ രീതിയിൽ ഊട്ടി ഉറപ്പിച്ച്, പൗരസ്ത്യ പാശ്ചാത്യ സംസ്കാരത്തേയും കേരള തനിമയേയും കോർത്തിണക്കി അവതരിപ്പിച്ചിരിക്കുന്നു.**



## മാർഗ്ഗംകളി

രാജ്യരക്ഷാർത്ഥം ആയുധം ധരിച്ച പ്രാചീന ക്രിസ്ത്യാനികൾ വിനോദാർത്ഥം വിരചിച്ചതായിരിക്കണം മാർഗ്ഗംകളി. കേരളീയ ക്രിസ്ത്യാനികളുടെ ഒരു മതാദ്ധ്യക്ഷനായിരുന്ന മാർ യാക്കോബുമെത്രാൻ 1523 -ൽ പോർത്തുഗീസുരാജാവിനയച്ച ഒരു കത്തിൽ പറയുന്നതുപോലെ, അന്നു ക്രിസ്ത്യാനികളിൽ ഇരുപത്തയ്യായിരം ഭടൻമാരുണ്ടായിരുന്നുവെങ്കിൽ, പ്രാചീന ക്രിസ്ത്യാനികൾ ആയുധയോധനവിദ്യ അഭ്യസിച്ചിരുന്നുവെന്ന പ്രസ്താവം ഒട്ടും തന്നെ അടിസ്ഥാന രഹിതമല്ല. ക്രിസ്ത്യാനികൾ അവരുടെ മാർഗ്ഗംകളിക്കു തിരഞ്ഞെടുത്ത വിഷയം ക്രൈസ്തവ ശിഷ്യനായ മാർത്തോമ്മായുടെ കേരളപ്രവേശവും അദ്ദേഹത്തിന്റെ മതപരിവർത്തന സംരംഭങ്ങളുമായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ - പ്രത്യേകിച്ചു ക്നാനായ സുറിയാനിക്കാരുടെ വിവാഹ മഹോത്സവങ്ങൾക്കു മാർഗ്ഗംകളി ഒരുകാലത്ത് ഒഴിച്ചുകൂടാത്ത ഒരു ചടങ്ങായിരുന്നു.

പ്രാചീന ക്രിസ്ത്യാനികളെപ്പോലെ മാർഗ്ഗംകളിക്കാരും ഒരു മുണ്ട് ഉടുക്കുകയും

മറ്റൊന്നു തലയിൽ കെട്ടുകയും ചെയ്യുന്നു. ക്രിസ്തു മാതാവായ മറിയത്തിന്റെ ഛായയുള്ള ഓരോ ഉത്തരീയം (വെന്തിങ്ങ) നടൻമാർ കഴുത്തിലും ധരിക്കുന്നു. വാളും പരിചയും വിളക്കിനുചുറ്റും വച്ചുകൊണ്ടു കർണ്ണാനന്ദകരമായ സ്വരത്തിൽ താളമേളങ്ങളോടും അതിനെച്ചൊല്ലിയുള്ള ചുവടുവയ്പോടും കൂടി കളി ആരംഭിക്കുന്നു. മാർഗ്ഗംകളി ആദ്യം പുരുഷന്മാരുടെ വിനോദമായിരുന്നു. കളിക്കാർ വാളും പരിചയും ഉപയോഗിച്ചിരുന്നു. കളി ആരംഭിച്ചു കുറേക്കഴിയുമ്പോൾ അഭിനയക്കാർ വാളും പരിചയും കൈയിലെടുത്തു കാണിക്കുന്ന ആയുധവിദ്യകൾ ഏറ്റവും ഹൃദയാവർജ്ജകങ്ങളാകുന്നു. 1589-ൽ പ്രസിദ്ധപ്പെടുത്തിയ ഇന്ത്യാ വിവരങ്ങളടങ്ങിയ ഒരു ലത്തീൻ ഗ്രന്ഥത്തിൽ, കേരള ക്രിസ്ത്യാനികൾ കയ്യും ചുവടുമെടുത്തു ആടിക്കളിച്ചു വരുന്നുവെന്നു പ്രസ്താവിച്ചിരിക്കുന്നത് ഈ മാർഗ്ഗം കളിയെ പറ്റിയാണെന്നു ചരിത്രകാരന്മാർ പറയുന്നു. അങ്ങനെയെങ്കിൽ മാർഗ്ഗംകളിക്ക് ഒരു 350 കൊല്ലത്തെ പഴക്കം നിശ്ചയമായും ഉണ്ടായിരിക്കണം.

## ചവിട്ടുനാടകം

ചവിട്ടിനും നൃത്തഗീതങ്ങൾക്കും പ്രാധാന്യമുള്ള നാടകം. നമ്മുടെ നാട്ടിൽ ഒരു സമന്വയശ്രമത്തിന്റെ അനന്തര ഫലമായി ഉദ്ഭൂതമായതാണ് ചവിട്ടുനാടകം. പാശ്ചാത്യമായ കഥകളും അവതരണരീതിയിൽ അന്യദേശസ്വാധീനവും ചവിട്ടുനാടകത്തിൽ കൂടുതൽ പ്രകടമാണെന്നു മാത്രം. എന്നാൽ നമ്മുടെ കളരി സമ്പ്രദായമനുസരിച്ചുള്ള ചുവടുവയ്പുകളും



മെയ്വഴക്ക പ്രദർശനങ്ങളും അതിലേയ്ക്ക് ചേർക്കപ്പെട്ടിരിക്കുന്നു. പാശ്ചാത്യാഗമനത്തോടെ അവരുടെ നാടകസമ്പ്രദായങ്ങളുടെ തിരനോട്ടവും ഇന്ത്യയിൽ ഉണ്ടായി. പോർട്ടുഗീസുകാരുടെ Passion, Play, Pagent എന്നിവയുടെയെല്ലാം ദേശീയമായ അനുവർത്തനം കേരളത്തിലെ തീരപ്രദേശങ്ങളിൽ ചിലയിടത്ത് നിലവിലിരിക്കുന്ന ചവിട്ടുനാടകത്തിൽ ഇന്നും കാണാം.

പാശ്ചാത്യമായ ഇതിവൃത്തങ്ങളും വേഷഭൂഷയുടെ അംശങ്ങളും ഉണ്ടെങ്കിലും അതിലെ ചവിട്ടും അഭ്യാസപ്രകടനങ്ങളും രംഗമര്യാദകളും 14, 15 ശതകങ്ങളിൽ കേരളത്തിൽ നിലവിലിരുന്ന കളരിപ്പയറ്റ് സമ്പ്രദായത്തിന്റെയും ചില നാടോടിദൃശ്യവിനോദങ്ങളുടെയും ചുവട് ഉൾക്കൊണ്ട് സ്വരൂപിക്കപ്പെട്ടവയാണ്.

## പുത്തൻപാന

പുത്തൻപാന അഥവാ രക്ഷാകര കീർത്തനം എന്നാണ് അർണോസ് പാതിരി എഴുതിയിരിക്കുന്ന ഈ വിശ്രുത ഗ്രന്ഥത്തിന് നൽകിയിരിക്കുന്ന പേര്. 14 പാദങ്ങളിലായി നിവർന്നു വരുന്ന ഈ




ഭക്തിശ്ലോകങ്ങൾ, ബൈബിൾ അവതരിപ്പിക്കുന്ന രക്ഷയുടെ കഥ പറയുന്നു.

1-ാം പാദം - ദൈവം മനുഷ്യ സൃഷ്ടി - പതനം (2) മനുഷ്യന്റെ മന:സ്താപം - ക്രിസ്തു രക്ഷാ വാഗ്ദാനം (3) അതിന് അനുയോജ്യമായി ജന്മപാപമില്ലാതുള്ള മറിയത്തിന്റെ പുണ്യഗർഭധാരണം (4) സംശയിക്കുന്ന ഔസേപ്പിതാവിന് മാലാഖ നൽകുന്ന ധൈര്യം (5) യേശുവിന്റെ ജനനം, ബാല്യകാലം (6) പരസ്യജീവിതം വാക്കും പ്രവർത്തിയും (7) സുവിശേഷഭാഗ്യങ്ങൾ (8) അത്ഭുതങ്ങൾ, മറുരൂപപ്പെടൽ (9) ലാസറിനെ ഉയർപ്പിക്കുന്നു, തിരുമരണം വരിക്കാൻ തന്റെ അമ്മയോട് യാത്ര ചൊല്ലി പോകുന്നു (10) ഒടുവിലത്തെ അത്താഴം, പീഡാനുഭവ രാവ് (11) വിസ്താരവും വിധിയും,

തിരുമരണവും (12) ദൈവമാതാവിന്റെ വ്യാകുല പ്രലാപം (13) യേശുവിന്റെ പുന:രുത്ഥാനവും അനന്തര പ്രത്യക്ഷപ്പെടലുകളും (14) സഭയുടെ ആവിർഭാവവും വളർച്ചയും.

പണ്ട് ക്രിസ്തീയ ഭവനങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്കുശേഷം ആലപിക്കാറുണ്ടായിരുന്ന പുത്തൻപാന അടികൾ ഇപ്പോൾ നോമ്പുകാലത്തെ മാത്രം ഉപയോഗമായി ചുരുക്കിയിരിക്കുന്നു.

## അണ്ണാവിപ്പാട്ടുകൾ

ദ്രാവിഡ പഴമയുടേയും മധ്യകാല ക്രൈസ്തവ യുറോപ്പിന്റേയും സംസ്കാരത്തെ സംയോജിപ്പിക്കുന്ന ഭക്തിരസപ്രധാനമായ സാഹിത്യ സംഗീത അനുഷ്ഠാനമാണ് അണ്ണാവിപ്പാട്ടുകൾ. ചുരുക്കത്തിൽ ക്രിസ്തീയ നാടോടി പാട്ടുകളാണ് അണ്ണാവിപ്പാട്ടുകൾ.

ഇവയുടെ രചനാ കാലാരംഭം 16-ാം നൂറ്റാണ്ട് മുതൽക്കാണ്. പുത്തൻപാന ഒഴിച്ച് മറ്റ് സാഹിത്യ കൃതികൾ രചിക്കപ്പെട്ടിരിക്കുന്നത് കേരളത്തിൽ അന്നു പ്രചാരത്തിലിരുന്ന ചെന്തമിഴിലാണ്. ആദ്യകാല കൃതികൾ വട്ടെഴുത്ത് അക്ഷരത്തിൽ താളിയോല ഗ്രന്ഥങ്ങളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. അവയിൽ നിന്ന് തമിഴിലേയ്ക്കും മലയാളത്തിലേയ്ക്കും പകർത്തപ്പെട്ടവയാണ് ഇപ്പോഴുള്ള കൃതികൾ.

## പിച്ചപ്പാട്ട്

ആലപ്പുഴ അഞ്ഞൂറ്റി സമുദായത്തിൽ കണ്ടു വരുന്ന അനുഷ്ഠാനകലയായ അണ്ണാവിപ്പാട്ടു കൂട്ടങ്ങളുടെ ഇടയിൽ പിച്ചപ്പാട്ട് പാടുന്ന കുട്ടങ്ങളേയും കാണാം. പിച്ച എന്ന വാക്കിന് വ്യാപകമായ ചരിത്ര പശ്ചാത്തലമാണുളളത്.

പിച്ചപ്പാട്ട്, ഭിക്ഷുക്കളുടെ പാട്ടാണ്. ബുദ്ധ സമൂഹവും ജൈനഭിക്ഷുസമൂഹവും ഭിക്ഷു പാട്ടു പാടിനടന്ന് ഉപജീവനം നേടിയിരുന്നു. അവർ ക്രിസ്ത്യാനികൾ ആയപ്പോൾ അവരുടെ പിൻമുറക്കാർ ബുദ്ധജൈനമതവിശ്വാസവിഷയങ്ങൾ മാറ്റി പകരം ക്രിസ്തീയ വേദ വിഷയങ്ങൾ ആസ്പദമാക്കി. കഴിഞ്ഞ 700 വർഷങ്ങളായി നോമ്പുകാലത്ത് കൂട്ടം ചേർന്ന് ക്രിസ്തീയ ഭവനങ്ങൾ തോറും പാടുന്ന പിച്ചപ്പാട്ട് ഇന്നും ആലപ്പുഴ തീരപ്രദേശത്ത് ക്രിസ്ത്യാനികൾ പിച്ചപ്പാട്ടു പാടി നടന്നു ഭവനങ്ങളെ നോമ്പുകാലത്തിന്റെ അരൂപിയിൽ വിലയിപ്പിക്കുന്നുണ്ട്. തീരദേശത്ത് ബുദ്ധസമൂഹത്തിന്റെ കയറിതാമസം ഉണ്ടായ കാലം മുതലുളള തീരദേശജനതയുടെ ബുദ്ധസാഹിത്യഗാനങ്ങളാണ് പിച്ചപ്പാട്ടുകൾ എന്നറിയപ്പെടുന്നത്.

പിച്ച, ധർമ്മം എന്നൊക്കെയുളള വാക്കുകൾ ഭിക്ഷു അഥവാ സന്യാസിയുമായി ബന്ധപ്പെട്ടതാണ്, പ്രത്യേകിച്ചു ബുദ്ധ സന്യാസികൾ. ധർമം എന്ന വാക്കിന് ഭോഗം എന്ന അർത്ഥ സങ്കൽപ്പമുണ്ട്. അഷ്ടാംഗ മാർഗ്ഗത്തിൽ ചരിച്ച് മോക്ഷപ്രാപ്തി നേടുവാൻ ഊരും തുറയും ചുറ്റി ജനങ്ങളെ ആത്മീയ പ്രബുദ്ധരാക്കുന്ന സന്യാസിമാർക്ക് അവരുടെ ജീവിതച്ചെലവിനുളള ഭോഗം നൽകുന്നത് തങ്ങളുടെ ധർമ്മമായി വിശ്വാസികൾ കരുതിയിരുന്നു. ഇതിനാണ് ധർമം അഥവാ പിച്ച എന്നു പറയുന്നത്.

## അമ്മാനപ്പാട്ട്

അമ്മാനൈ എന്ന വാക്കിന്, അമ്മന ഗ്രന്ഥത്തിലെ തമിഴ് പദങ്ങൾക്ക് മലയാള അർത്ഥം വിവരിക്കുന്ന അകാരാദിയിൽ "ഒരു കവി" എന്നു കൂടി അർത്ഥം കൊടുത്തിട്ടുണ്ട്. തമിഴിൽ കവി എന്നു പറഞ്ഞാൽ പാട്ട് എന്നാണർത്ഥം. അണ്ണാവി പാട്ടുകൾ പോലെ അമ്മാനവും പാട്ടുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താം. അണ്ണാവി പാട്ടുകളുടെ സംഗീത സാഹിത്യങ്ങൾ പഠിക്കുമ്പോൾ തമിഴ് ഛന്ദോ നിയമപ്രകാരമുളള വെൺപ, വഞ്ചിപ്പ, കലിയപ്പ, ആസ്യരിയപ്പ എന്നിങ്ങനെ നാലുവിധ പാവുകളും കവി, തുറൈ, ഇശൈ, വിരുത്തം എന്നീ നാലുവിധ പാട്ടുരൂപങ്ങളും അവയ്ക്ക് ഓരോന്നിനും വ്യത്യസ്തങ്ങളായ നാലു ശീലുകളും ഉളളതായി മനസിലാക്കാം. ഈ നാലുശീലുകളിലും അവയ്ക്ക് അനുപേക്ഷണീയമായ വ്യത്യസ്ത രാഗങ്ങളിലും അമ്മാനൈ പാട്ടുകൾ പാടാം. എങ്കിലും ശോകാത്മകമായി ഉയർന്നതാണ് കരളലിയിക്കുന്ന "തെമ്മാങ്ക്" രാഗത്തിലാണ് അമ്മാനം ഏറെയും പേർ വായിക്കുന്നത്.

തമിഴ് ചുവയുളള അമ്മാനൈ പാട്ടുകൾ പൊതുവെ തെക്കൻ കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾക്കിടയിലാണ് പ്രചാരത്തിലിരിക്കുന്നത്. ചിന്ത്, കുമ്മി, കോലാട്ടം തുടങ്ങിയ തമിഴ് നാടോടി സംഗീത ശാഖയിലെ ഒരിനമാണ് "അമ്മാനൈ".

## ദേവാസ്തവിളി

നോമ്പുകാല രാത്രികളിൽ വിശ്വാസികളുടെ ചെറുസംഘങ്ങൾ കൈയിൽ മണിയും മരക്കുരിശും വേദവചനങ്ങളുമായി ഊരും തുറയും ചുറ്റി, വിവിധ നാട്ടു പറമ്പുകളിലും പ്രദേശങ്ങളിലും കുരിശുനാട്ടി, മുട്ടിൽ നിന്ന്, കുരിശുജപം നമസ്കരിച്ച്, മണി കിലുക്കി

എഴുന്നേൽക്കുന്നു. ഒപ്പം വീട്ടുകാർ മണികേട്ട് ഉറക്കമുണർന്ന് വീടുകളിൽ തിരുസ്വരൂപങ്ങളുടെ നടയിൽ വിളക്ക് തെളിച്ച് ദേവസ്തസംഘത്തിന്റെ പ്രാർത്ഥനാവിളികളോട് മനസാ യോജിച്ച് മൗനനമസ്ക്കാരങ്ങൾ ചെയ്യുന്നു. ക്രിസ്ത്വാബ്ദം ആദ്യനൂറ്റാണ്ട് മുതൽ നെയ്തൽ തീരഗ്രാമങ്ങളിൽ അധിവസി ക്കുകയും വില്ലാർവട്ടം രാജ്യം കൊച്ചിയിൽ ലയിച്ചപ്പോൾ പോർട്ടുഗീസ് സ്വാധീന മേഖലകളായ ചില കടലോര ഗ്രാമങ്ങളിൽ അധിവസിക്കുകയും പിന്നീട് ലത്തീൻ ആരാധനാക്രമം സ്വീകരിക്കുകയും ചെയ്ത സെ. തോമസ് ക്രിസ്ത്യൻസിന്റെ



ഇടയിലും, മദ്ധ്യകാലഘട്ടത്തിന്റെ ഫ്രാൻസിസ്ക്കൻ, ജസ്വീട്ട് മിഷനറി വേലകളാൽ ക്രിസ്തുമതം സ്വീകരിക്കുകയും കൊടുങ്ങല്ലൂർ മുതൽ കോട്ടാർ വരെയുള്ള സമുദ്രതീരപ്രദേശങ്ങളിൽ അധിവസിക്കുകയും ചെയ്യുന്ന ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിലുമാണ് ഈ പ്രാചീന ആത്മീയ അനുഷ്ഠാന കലയായ ദേവാസ്തവിളി പ്രചാരത്തിലിരിക്കുന്നത്. ഇന്ന് ഏറെക്കുറെ ജീർണ്ണതയെ നേരിടുകയാണ് ഈ പൗരാണിക ആത്മീയ അനുഷ്ഠാനം.

16-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ ആവിർഭവിച്ച ദേവാസ്തവിളി എന്ന ക്രിസ്തീയ ആത്മീയ അനുഷ്ഠാനകർമ്മം ആണ്ടുതോറും കരിക്കുറി പെരുന്നാൾ ബുധനാഴ്ച വലിയ നോമ്പ് ആരംഭിക്കുന്നതിനോടൊപ്പം ആരംഭിക്കുന്നു. കുരിശും മണിയും വേദവചനപ്രാർത്ഥനാവിളികളുമായി ഊരുചുറ്റി മുസ്ലിം ബാങ്കുവിളിയേക്കാൾ ഉച്ചത്തിൽ ഭക്തി ആരവത്തോടെ നടത്തുന്ന ഗദ്യവും പദ്യവും സമ്മേളിച്ച ഈ ഗദ്യഗീതപ്രഘോഷണം, അതാത് തുറകളിലെ മുഖ്യദേവാലയനടയിൽ ദു:ഖവെള്ളിയാഴ്ച രാത്രി നടത്തുന്ന അവസാന വിളിയോടെ സമാപിക്കുന്നു. ദേവാസ്ത വിളിരൂപം ചിട്ട ചെയ്തു പഠിച്ച ശിഷ്യഗണവും ആശാനും വ്രതമെടുത്തു നോമ്പു നോറ്റ് ആത്മശുദ്ധി വരുത്തി ഒരുക്കത്തോടെയാണ് ആദ്യകാലങ്ങളിൽ ഈ അനുഷ്ഠാനക്രിയ ചെയ്തിരുന്നത്.

## പരിചമുട്ടുകളി



അയോധന കേരളത്തിന്റെ യുദ്ധാനുകരണ വിനോദകളി. വാളും പരിചയും മുട്ടിച്ച് മുറകൾ എടുത്ത് പാടി ചവുട്ടി കളിക്കുന്ന കളിക്കൂട്ടങ്ങൾ എല്ലാ സമുദായത്തിലും ഉണ്ട്. ക്രിസ്ത്യാനികളുടെ ഇടയിൽ ഇന്നും വിവിധ ആഘോഷവേളകളിൽ പരിചമുട്ടുകളി അരങ്ങേറാറുണ്ട്. കളിയോഗങ്ങൾക്ക് മരത്തിലോ, ലോഹത്തിലോ പണിത വാളും പരിചയും ഉപയോഗിക്കുന്നു. വാളിനു പകരം മരക്കോൽ ഉപയോഗിക്കുന്ന കളിയും ഇതിനോട് ചേർന്നു മനസ്സിലാക്കേണ്ടതാണ്.

## പരിചമുട്ടുകളിയും വാളാട്ടപരിചവീശുകളിയും

15-17 നൂറ്റാണ്ടുകളിൽ കേരള സമൂഹത്തിന്റെ അവിഭാജ്യഘടകമായിരുന്നു കളരിപ്പയറ്റ്. ചടുലമായ ചലനങ്ങളും കടുത്ത മെയ്വഴക്കങ്ങളും ആവശ്യപ്പെടുന്ന കളരിപ്പയറ്റുപോലെ തന്നെയാണ് വാളും പരിചയും ഉപയോഗിച്ച് നൃത്തകലാഭംഗിയോടെ ചുവടുവയ്ക്കുന്ന പരിചമുട്ടുകളിയിലേയും പരിചവീശുകളിയിലേയും കരചരണങ്ങളുടെ പ്രകടനകല. വാളും പരിചയും ഉപയോഗിച്ചുള്ള യുദ്ധാനുസ്മരണ നൃത്തകലാപ്രകടനമാണ് പരിചമുട്ടുകളിയും പരിചവീശുകളിയും. രാജ്യം വിവിധ നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെടുകയും അവ കരപ്രമാണിമാരാൽ ഭരിക്കപ്പെടുകയും ചെയ്ത മദ്ധ്യകാല കേരളജീവിതത്തിന്റെ അവിഭാജ്യ ഘടകമായാണ് കളരി അഭ്യാസങ്ങൾ നിലവിൽ വന്നത്.

കേരളത്തിലെ എല്ലാ സമൂദായങ്ങളിലും കണ്ടുവരുന്ന ഒരേയൊരു ആയോധന കലയാണ് പരിചകളി. ഉടുത്തുകെട്ടിലും ചുവടുവെയ്പിലും പ്രകടമായ വ്യത്യാസങ്ങൾ പുലർത്തുന്ന മൂന്നു പാരമ്പര്യങ്ങൾ ദൃശ്യമാണ്. ക്രിസ്ത്യാനികൾ പരസ്യമായി ആയുധങ്ങൾ അഭ്യസിക്കുന്നതും ആത്മരക്ഷാർത്ഥം ആയുധങ്ങൾ കൂടെ കൊണ്ടു നടക്കുന്നതും ക്രിസ്തീയ അരൂപിക്ക് ചേരാത്തതായി കണ്ട്, ഉദയംപേരൂർ സൂനഹദോസ്,

പ്രത്യേക കാനോനകൾ വഴി വിലക്കുകയുണ്ടായി. അതിനാൽ പ്രാണരക്ഷാർത്ഥം പഠിച്ചു വെച്ച ചുവടുകളും അടവുകളും പരിശീലനങ്ങളും മറന്നുപോകാതിരിക്കാൻ അവയ്ക്ക് കലയുടെ രൂപം നൽകി പഠിച്ചു സൂക്ഷിച്ചുവെച്ചതാണ് ക്രൈസ്തവരുടെ ഇടയിൽ നിലനിൽക്കുന്ന ആയോധനാ കലാപാരമ്പര്യം എന്ന് പൊതുവെ ഒരു പഠനം ഉണ്ട്.

## വാളാട്ടപരിചകളി

കൊച്ചി-ആലപ്പുഴ തീരദേശങ്ങളിൽ സൗദി, മാനാശ്ശേരി, മുണ്ടംവേലി, കണ്ടക്കടവ്, ചെല്ലാനം, പള്ളിത്തോട് തുടങ്ങിയ കടലോരക്കരകളിൽ കാണുന്ന പരിചകളി ചുവടുകളിലും അരങ്ങുകളിലും തെക്കൻ ചുവടുകളേക്കാൾ പിരിമുറുക്കം കൂടുതൽ ഉള്ളതാണ്. പരിചമുട്ടുകളി എന്നതിനുപകരം വാളാട്ടപരിചകളി എന്നാണ് ഈ പ്രത്യേകകളി അറിയപ്പെടുന്നത്. തറ്റുടുത്ത്, താറുവാച്ചിക്കുത്തി ഗീവർഗ്ഗീസിന്റേയും തോമാശ്ലീഹായുടേയും പ്രമുഖപള്ളികളുടേയും കഥഗാനങ്ങൾ പാടുന്ന കിഴക്കൻ ക്രൈസ്തവസമൂഹത്തിൽ നിലനില്ക്കുന്ന പരിചമുട്ടുകളിക്കുപകരം പോർട്ടുഗീസ് പട്ടാളവേഷം ധരിച്ച് വാളും പരിചയും തമ്മിൽ മുട്ടിക്കാതെ വീശി ചുവട് വയ്ക്കുന്ന കളികളാണ് വാളാട്ടുപരിചവീശുകളി. മദ്ധ്യകാല യൂറോപ്യൻ നാടകസങ്കേതങ്ങളോട് സാധാർമ്മ്യം പുലർത്തുകയും മദ്ധ്യകാല കേരളത്തിന്റെ അയോധനപാരമ്പര്യം ഉൾകൊള്ളുകയും ചെയ്യുന്ന അനുഷ്ഠാന നൃത്തകലാരൂപമാണ് വാളാട്ടപരിചവീശുകളി.

ഉത്സവങ്ങൾ, പള്ളിപെരുന്നാളുകൾ, ആഘോഷങ്ങൾ എന്നിവയുടെ അവസരങ്ങളിലാണ് ഇത്തരം അനുഷ്ഠാന കലകൾ അരങ്ങ് തേടുന്നത്. പെരുന്നാളിനു ഇത്തരം കളികൾ പ്രത്യേക നിറച്ചാർത്തുനൽകി വൈകാരിക അനുഭവങ്ങൾക്കു തീവ്രത നൽകുന്നു. ലാറ്റിൻ ക്രിസ്ത്യാനികൾ നേർച്ച എടുക്കുന്നതിന് പരിചവീശുകളി ഉപയോഗിക്കുന്നു.
നൃത്താരംഭത്തിനു മുമ്പ് അവർ കുരിശ് വരച്ച് കത്തൃപ്രാർത്ഥന നടത്തുന്നു. അനന്തരം മാർത്തോമ കീർത്തനങ്ങൾ തുടങ്ങിയ നൃത്തഗീതങ്ങളും മിശിഹാചരിത്രവും വിശുദ്ധരുടെ ജീവിതചരിത്രവുമൊക്കെ നൃത്തത്തിലൂടെ അവതരിപ്പിക്കുന്നു. കൊച്ചി, ഫോർട്ടുകൊച്ചി, സൗദി, മാനാശ്ശേരി, മുണ്ടംവേലി, പള്ളിത്തോട്, പുന്നപ്ര എന്നിവിടങ്ങളിലെ ചില പരിചമുട്ടുകളി സംഘങ്ങൾ ഇപ്രകാരം പഴയ ഷോർട്ട്പാന്റ്സും കോട്ടും ഓവർകോട്ടും തൊപ്പിയും വേഷവിധാനങ്ങളായി ഇന്നും ഉപയോഗിക്കുന്നുണ്ട്.

കപ്പലോട്ടക്കാലത്തെ പട്ടാളക്കാരെ അനുസ്മരിപ്പിക്കുന്ന ഈ പാശ്ചാത്യ വേഷമാണ് തിരുക്കൊച്ചി തീരദേശ പരിചവീശുകളിയുടെ ചരിത്രപരമായ തനിമ.

പ്രാദേശികമൊ വിദേശിയമൊ ആയ പട്ടാളവേഷം ധരിച്ച ഒരു വിഭാഗം കളിക്കാർ വാളും പരിചയുമേന്തി അടവും തടവും മുറകളും ചവിട്ടും ചിട്ടപ്പെടുത്തി അഭ്യാസക്കളി കളിക്കുന്ന ഒരു വിനോദമാണ് പരിചവീശുകളി. അങ്ങനെ പള്ളിത്തിരുനാളുകൾക്ക് മോടികൂട്ടുന്ന മുഖ്യഇനമായി ഇന്നും വാളാട്ടപരിചവീശുകളി ആത്മീയ ആഡംബരത്തിന്റെ അരങ്ങായി നിലകൊള്ളുന്നു.

## 'ശ്ലാമാ' കരോൾ

കഴിഞ്ഞ നാലുനൂറ്റാണ്ടുകളായി ക്രൈസ്തവ ഹൃദയങ്ങളിൽ അനുതാപത്തിന്റെ അനുരണനങ്ങൾ ഉയർത്തിയ അണ്ണാവിപ്പാട്ടുകളിൽ നിന്ന് വ്യത്യസ്തമായി തിരവുയർപ്പിന്റെ സന്ദേശം പകർത്തി ഊരും തുറയും ചുറ്റാൻ ശ്ലാമാ പാട്ടുസംഘങ്ങൾ അരങ്ങൊരുങ്ങിയിരുന്നു.



ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാരോടുകൂടെ വർണ്ണപ്പകിട്ടാർന്ന വേഷങ്ങളോടെയും ചമയങ്ങളോടെയും ഭവനങ്ങൾ സന്ദർശിച്ച് തിരുവുയിർപ്പിന്റെ സന്തോഷം പകരുന്ന സംഘഗാനങ്ങൾ ആലപിക്കുന്നു. ആധികൾ ഏറ്റവർക്ക് ആത്മശക്തി നൽകുന്ന ശ്ലാമാ പാട്ടുകൾ പള്ളികൾക്കുവെളിയിൽ വസതികളിൽ ഉയിർപ്പിന്റെ ആത്മീയത ആഘോഷിക്കുന്ന ആദ്യത്തെ ആചാര അനുഷ്ഠാന കലാരൂപവും ആകുകയാണ്.

സമാധാനം എന്നാണ് ശ്ലാമാ എന്ന പദത്തിനർത്ഥം. ക്രിസ്തുവിന്റെ മാതൃഭാഷയായ അറമായ്ക്കിൽ 'അലയ്ക്കോൽശ്ലാമാ' - നിങ്ങൾക്കു സമാധാനം എന്ന് ആശംസിച്ചുകൊണ്ടാണ് ഉയിർത്തെഴുന്നേറ്റശേഷം ഏഴുതവണയും ക്രിസ്തു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നത്. സ്നേഹത്തിൽ അധിഷ്ഠിതമായ പുതിയ സമൂഹക്രമത്തിനുവേണ്ടി




കുരിശെടുക്കുന്നവർക്കെല്ലാം മുറിവുകൾ വകവയ്ക്കാതെ തങ്ങളുടെ ദൗത്യം പൂർത്തീകരിക്കുവാൻ ശക്തി പകരുന്ന ക്രിസ്തുവിന്റെ സമാധാന ആശംസകളാണ് ശ്ലാമാ പാട്ടുകളുടെ സന്ദേശം.
മൺമറഞ്ഞുകൊണ്ടിരിക്കുന്ന തീരദേശ ക്രൈസ്തവ അനുഷ്ഠാന കലാരൂപങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി പ്രവർത്തിച്ചു വരുന്ന ആലപ്പുഴ കലവൂർ കൃപാസനം പൗരാണിക രംഗകലാപീഠമാണ് ഈ പുതിയ ഭക്താനുഷ്ഠാനകലാരൂപത്തിന്റെ മുറകളും ചിട്ടപ്പെടുത്തിയിരിക്കുന്നത്.

## കടൽവഞ്ചിപ്പാട്ടുകൾ

കടൽവള്ളപ്പാട്ടിന് താളഗതിയാണുള്ളത്. മാത്ര കുറഞ്ഞാലും കൂടിയാലും താളം ദീക്ഷിച്ചാണ് പാട്ടുപാടുന്നത്. തണ്ടുവലിക്കുന്ന താളഗതിയെയാണ് പാട്ട് അനുകരിക്കുന്നത്. ഒന്നിൽ പതിനാറും രണ്ടിൽ പതിമൂന്നും മാത്രകൾ ഒന്നിച്ചു സാധാരണമായി ദ്രുതകാലത്തിലും ചെമ്പടതാളത്തിലും പാടി പതിവുള്ള നതോന്നത യോജിക്കുന്നത് ചുണ്ടൻവള്ളത്തിനും ഓടിവള്ളത്തിനുമാണ്.

കായൽ, പുഴ വഞ്ചിപ്പാട്ടു പൊതുവെ നതോന്നതവൃത്തത്തിൽ ആലപിക്കുമ്പോൾ ഇതേവൃത്തത്തിൽ കുറച്ചു കടൽ വഞ്ചിപ്പാട്ടുകൾ മാത്രമേ ഇന്നേവരെ കണ്ടെടുക്കപ്പെട്ടിട്ടുള്ളൂ എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ കായൽ വഞ്ചിപ്പാട്ടിൽ നിന്ന് വ്യത്യസ്ഥമായ താളവട്ടങ്ങളും ആമ്പാ വിളിയുമാണ് കടൽവഞ്ചിപ്പാട്ടുകൾക്കുള്ളത്.

തണ്ടുവലിയുടെ വലിച്ചിൽ മാറ്റി, അദ്ധ്വാനത്തിന്റെ ആയാസം കുറക്കുന്നതിനാണ് തൊഴിലിന്റെ താളത്തിൽ തനവട്ടങ്ങൾ ആലപിച്ച് ആസ്വദിച്ച് അദ്ധ്വാനഭാരം കുറയുന്നത്. അല്ല മറയുന്നത്. വ്യക്തിപരം എന്നതിലുപരി കടൽവള്ളപ്പാട്ടുകൾ എല്ലാം സമൂഹസംഘഗാനങ്ങൾ ആണ്. നേതാവ് പാടിവിട്ട ഈരടികൾ കൂട്ടം ഏറ്റു പാടുന്നു. അല്ലെങ്കിൽ ആ പാട്ടിന്റെ താനവട്ടം ഒപ്പിച്ച് ആമ്പയിടുന്നു. കൂട്ട ആർപ്പുവിളിയും കടൽവഞ്ചിപ്പാട്ടുകളുടെ പ്രത്യേകതയാണ്.



**Fr. Dr. V.P. Joseph Valiyaveettil**
**Founder-Director, Kreupasanam**
Kreupasanam Pauranika Ranga Kalapeedam, Alappuzha is a cultural academy and training centre of folk and ancient Christian art forms of Kerala.

**TOUCH HERE**
TO LIKE, SHARE & COMMENT ON THIS ARTICLE ONLINE
AT **www.thekalyanlantern.com**

# The Link between Arts, Religious Faith and Community Cultures: A Sociological Perspective

> All religions, arts and sciences are branches of the same tree. All these aspirations are directed toward ennobling man's life, lifting it from the sphere of mere physical existence and leading the individual towards freedom.
>
> **- Albert Einstein**



Religion and Art have from the very beginning occupied a major place in human experience. They are, indeed, two of the most important evidences of culture, and till date no civilization has failed to develop art forms along with their respective religious rites or beliefs. Religion consists of the rituals, ceremonies, beliefs, and actions that people engage in when



they try to interpret human experience and the world in accordance with forming a relationship to transcend over to an immanent divine presence or being. Art is the collective of images or processes that painters, musicians, dancers, poets, film makers, and others who work within a tradition of skill, and according to aesthetic principles, create for the purpose of interpreting human experiences. In this regard, religious art or sacred art is artistic imagery which uses religious inspiration and motifs and is often intended to aid in uplifting the mind to experience the spiritual.

## How do the Arts Contribute to Religion?

The arts have always been used to express the nature and being of the divine, for e.g., in Christian liturgical services. What is their role? Do they simply enhance certain texts, meanings, and feelings? Are they essential to our perception of the divine?

1. The arts, due to their strong emotional impact and ability to connect immediately and directly with our perception, prior to conceptual thinking, can enhance any area of experience, including religious experience.

2. Both natural and artistic beauty is capable of evoking what is called the sense of transcendence, or the presence of some deeper divine principles in the world. This means that the rules and principles of art are beyond us or transcend us, thus possibly indicating the presence of a higher principle (e.g., the divine) in the universe. The arts are used for these purposes by most religious traditions, but specifically in the Christian tradition by the Eastern Orthodox and Catholic traditions.

## Art and Religion as Inseparable Elements of Culture

Primitive cultures of the world have shown us that art and religion are inseparable elements of culture, where the two are integrally connected with each other and with the whole cultural process. Art and religion manifest themselves as harmonious forces within a culture, and their inter-workings exemplify a wider cosmic truth, the truth that every part of an organic whole bears an intimate relation to every other part. Those who regard art and religion as forces that should work together as they do in primitive cultures are therefore essentially correct in their opinion of the unity of purpose and action that links art and religion.

Humans understand the inter relatedness of art and religion primarily through the role of these two in their own local communities. Primitive people did not comprehend a world as vast as the one we know or live in today, nor did they envision a world that demanded interaction among people of complex and diverse cultures. Their art forms and symbols were formed

consequently, in relation to local religions and local cultures, and were adequate for the local situation where the symbols were intended to function.

## Can Art be Considered as the Handmaid of Religion?

Some hold the opinion that religion is the primary and authoritative norm against which all other views, including art, must be measured. Religions such as Christianity, Islam, and Judaism have adopted this outlook at various points in their respective histories, and some of their followers still operate under this outlook. The opinion that art is the handmaid of religion works to incorporate art into the said religion and also negatively to exclude images that do not fit within religion. Thus, this sort of outlook promotes that art arises and operates within the context of a religious faith; is subordinate to the aims of the religion; is used primarily for the promotion of religious aims such as worship, and for religious educational purposes.

Christianity's approach to art, particularly in stages of the religion's development prior to 1300, is an especially clear instance of the subordination of the arts to religion. During this period, Christian art was considered as being the "bearer of the sacred" and the works of art were seen as objects functioning within Christian life. There are, however, artworks originating within the context of religious faith that transcend the boundaries of religious faith because of their superior aesthetic qualities or their universal themes.

For instance, Gerard Manley Hopkins, a nineteenth century poet and a Jesuit priest, wrote from within the Christian faith. Hopkins often incorporated religious subjects in his art of writing poetry, but his poems unfailingly speak to the world and defy the constraints that this outlook imposes upon the relation of art and religion. Even the most religious of Hopkins' poems exhibit values that transcend the boundaries of his particular religious faith, and it is not necessary to share Hopkins' religious faith to appreciate the artistic power and depth of insight into life that has manifested in his poetry.

This outlook ironically brings art and religion to the point of separation. Religion places art in a subordinate role that is ultimately incompatible with the autonomy of art. Art is by necessity a free and autonomous activity that is capable of discerning truth and meaning in its own right, without subjecting its perceptions to the measure of religion. Like any other form of creative activity, art can have differences of opinion in the interpretations that it gives to events. But such differences in artistic insight are not and also should not be changed by subordinating the perceptions of art to the judgment of religion, as if the latter were a superior partner.

In the context of Indian Christian traditional art forms, especially those that are performative in nature, there is a rich and divergent amalgamation of these entities ie. art and religion. The interesting bit here however, is that most of these art forms have had their genesis and propagation within the church itself with the aim to reach and spiritually entertain the Chriistian community in Kerala and to then propagate the forms globally. To this regard, the movement and acculturation of traditional Christian art forms in Kerala over time and its attempts at being accommodating of alternate contemporary art forms as well is commendable.



**Jerin Jacob**
is an educator, social entrepreneur, researcher and writer. She is a parishioner of St. Kuriakose Elias Chavara Church, Kandivli East.

**TOUCH HERE**
TO LIKE, SHARE & COMMENT ON THIS ARTICLE ONLINE AT **www.thekalyanlantern.com**



# കലയും, ക്രിസ്തുവും, ക്രിസ്ത്യാനിയും

താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു (ഉൽപ. 1, 31). സൃഷ്ടികർമ്മം പൂർത്തിയാക്കിയ 'കലാകാരന്റെ' ആത്മനിർവൃതി. ദൈവം എന്ന കലാകാരൻ. ദൈവത്തിന്റെ കലാവിരുന്നാണ് പ്രഭാതത്തിലെ പൊൻവെളിച്ചം മുതൽ അന്തിക്ക് ചക്രവാളത്തിലെ സൗന്ദര്യശോഭ വരെ നാം കാണുന്നത്. ഈ കലാകാരന്റെ തുടർകഥയാണ് ഓരോ കലാസൃഷ്ടിയിലും കലാകാരനിലും നാം കാണുന്നത്.

> **ഈശോ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചതും കഥകളിലൂടെയും ഉപമകളിലൂടെയുമാണ്. പാദം കഴുകിയപ്പോഴും പാപം ക്ഷമിച്ചപ്പോഴും അവനിൽ സ്നേഹത്തിന്റെ കല ഉണ്ടായിരുന്നു. 'തച്ചന്റെ മകൻ' കലാകാരനല്ലാതാകുമോ?**

ചുട്ടുപഴുത്ത ലോഹ കഷണം കൊണ്ട് മുറിവേൽക്കുന്ന പുല്ലാംകുഴലാണ് മധുരസംഗീതം പകരുന്നത്. ലോകത്തിലെ ഏറ്റവും മനോഹരമായ സംഗീതം കാൽവരിയിൽ നിന്നായിരുന്നുവെന്ന് ഹർമ്മോണിയത്തിൽ ആദ്യമായി കൈതൊടിച്ചുകൊണ്ട് ജോസഫ് മാഷ് പറഞ്ഞത് ഞാൻ ഓർക്കുന്നുണ്ട്. ഈശോ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചതും കഥകളിലൂടെയും ഉപമകളിലൂടെയുമാണ്. പാദം കഴുകിയപ്പോഴും പാപം ക്ഷമിച്ചപ്പോഴും അവനിൽ സ്നേഹത്തിന്റെ കല ഉണ്ടായിരുന്നു. 'തച്ചന്റെ മകൻ' കലാകാരനല്ലാതാകുമോ?

അവന്റെ ശിഷ്യന്മാരും തുടർന്നു. പഠിച്ച കല

ക്രിസ്തുവിനെ പ്രസംഗിക്കുന്ന മാർഗ്ഗങ്ങളാക്കി. കടലിൽ വല വീശിയവർ കരയിലും വാക്കുകൾ കൊണ്ട് വല വീശി തുടങ്ങി. മഷിതണ്ടും, മഷികൂട്ടും, വാക്ക് ചാതുര്യവും മറ്റുള്ളവരിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള മാർഗ്ഗങ്ങളായിരുന്നു. കൊടുങ്ങല്ലൂരിൽ കൊട്ടാരം പണിയാൻ വന്ന ക്രിസ്തു-ശിഷ്യൻ 'തോമ' സഭ സ്ഥാപിച്ചതും.

സഭയുടെ ആദ്യനാളുകളിൽ ഒത്തുചേരാനുള്ള സൂചനകൾ നൽകിയിരുന്നത് ചിത്രകലകളിലൂടെയാണ്. ധനികന്റെയും



ദരിദ്രന്റെയും, വിശുദ്ധരുടെയും, പാപിയുടേയും വിശ്വാസിയുടെയും വിജാതിയരുടെയും ഇടയിലേക്ക് ഏതു നേരവും കടന്നുചെല്ലുവാൻ സഭ ആദിമുതലേ ഉപയോഗിച്ചിരുന്ന മാർഗ്ഗം കലാരൂപങ്ങളാണ്. വിശ്വസിക്കുന്നതും പ്രഘോഷിക്കുന്നതുമായ സത്യം, കൃത്യവും വ്യക്തവുമായി മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാനുള്ള മാർഗ്ഗം കലാരൂപങ്ങളാണെന്ന് ആദിമുതൽ തന്നെ സഭ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

പാശ്ചാത്യനാട്ടിലും പൗരസ്ത്യനാട്ടിലും കലയുടെ വളർച്ചക്ക് സഭ നൽകിയിരിക്കുന്ന സംഭാവനകൾ വിസ്മരിക്കാനാവുന്നതല്ല. കാലവും ലോകവും നിശബ്ദമായി അംഗീകരിക്കുന്ന സത്യമാണിത്. ഓരോ കാലഘട്ടത്തിലും നിലനിന്നും അനുഷ്ഠിച്ചു പോന്നതുമായ കലാരൂപങ്ങൾ ഉണ്ടായിരുന്നുവെന്ന് നമുക്കറിയാം. കാലത്തിനും സംസ്കാരത്തിനും അനുസരിച്ച് കലാരൂപങ്ങളും മാറ്റപ്പെട്ടിരിക്കും. അവയിൽ അന്യം നിന്നുപോകുന്നവയും ആർജ്ജിച്ചെടുക്കുന്നവയും ഉണ്ട്.

നാം ആയിരിക്കുന്ന കേരളസമൂഹം കലാ വൈഭവത്തിൽ എന്നും സമ്പന്നരാണ്. കേരള ക്രൈസ്തവസമൂഹത്തിന് തനതായ കലാരീതികൾ ഉണ്ടായിരുന്നു. മാർഗ്ഗകളി, പരിചമുട്ടുകളി, ചവിട്ടുനാടകം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

ഈ അവതരണകലകൾ കൂടാതെ ചിത്രകലയും, കവിതകളും, രചനകളും, സംഗീതവും മറ്റ് ആവിഷ്കാരങ്ങളും ഭാരതകത്തോലിക്കാസംസ്കാരത്തിന്റെ ഭാഗമായിരുന്നു. ഈ കലകളെല്ലാം ചേർന്ന് നിന്നിരുന്നത് ആരാധനാക്രമാനുഷ്ഠാനങ്ങളോടാണ്. തുടർന്നുള്ള കാലഘട്ടങ്ങളിൽ ഇതരമത കലാരൂപങ്ങളും നാം കടമെടുത്തു തുടങ്ങിയിരുന്നു. തനതായ ഹിന്ദു കലാരൂപങ്ങൾ, കഥകളിയും മോഹിനിയാട്ടവും, ഈ കാലഘട്ടങ്ങളിൽ ക്രിസ്ത്യാനീകരിച്ച് സുവിശേഷപ്രഘോഷണരീതികളായി ഉപയോഗിക്കുന്നതിൽ സഭ പ്രോത്സാഹനം മാത്രമെ നൽകിയിട്ടുള്ളൂ. ഫാ. ജോയി ചേഞ്ചേരിൽ അവതരിപ്പിച്ച 'ദിവ്യകാരുണ്യ ചരിതം' ആട്ടകഥ ഇതിന് ഉദാഹരണമാണ്.

കാലഘട്ടത്തിനനുസരിച്ച് മാറിവരുന്ന കലാരീതികൾ സഭ എന്നും പ്രോത്സാഹിപ്പിക്കുന്നുണ്ട്. വളർന്നു വരുന്ന യുവതലമുറയുടെ അഭിരുചികൾക്കനുസരിച്ച് കലാരൂപങ്ങളെ ഉപയോഗപ്പെടുത്തണം. കത്തോലിക്കാ യൂത്ത് മൂവ്മെന്റ്, ജീസസ് യൂത്ത് മുതലായ കത്തോലിക്ക സംഘടനകൾ ആധുനിക രീതിയിലുള്ള സുവിശേഷവത്കരണത്തിന് മുൻകയ്യെടുക്കുന്നുണ്ട്. വിശ്വാസവും സന്മാർഗ്ഗവും ധാർമ്മിക ബോധവും നഷ്ടപ്പെടുത്താത്ത ഏതു കലാരൂപവും സ്വീകരിക്കാം എന്നുള്ളതാണ് സഭയുടെ നിലപാട്.

ഓരോ സംസ്കാരത്തിലേക്കും ഇറങ്ങിചെല്ലുന്നതിനും അതിനെ മനസ്സിലാക്കുന്നതിനും നമ്മുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഏറ്റവും ഉതകുന്ന രീതി കലാരൂപങ്ങളാണെന്നതിൽ തർക്കമില്ല.

യുവതലമുറയുടെ സത്യ-ധർമ്മ മാർഗ്ഗങ്ങൾ പങ്കുവയ്ക്കുവാൻ കലാരൂപങ്ങൾ തന്നെയാണ് മികച്ചമാർഗ്ഗം. മാർഗ്ഗവും ലക്ഷ്യവും നന്നെങ്കിൽ 'എല്ലാം നന്നായിരിക്കും'. കാൽവരിയിൽ പാടിയ ചെറുപ്പക്കാരന്റെ ചുറുചുറുക്കും തീക്ഷ്ണതയും, ഏത് യുവാവിനും പ്രചോദനമാണ്. ലോകത്തിൽ സൃഷ്ടിക്കപ്പെട്ട മനോഹരമായ കലാരൂപങ്ങളിൽ പലതും അവനോടുള്ള പ്രണയത്തിൽ നിന്നായിരുന്നു...



**ഫാ. ജിൻസ് മുക്കോകാലയിൽ** MCBS
ദിവ്യകാരുണ്യ മിഷനറി സഭാംഗം, റോമിൽ ധാർമിക ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്നു.

**TOUCH HERE**
TO LIKE, SHARE & COMMENT ON THIS ARTICLE ONLINE AT **www.thekalyanlantern.com**

# MALAYALAM CINEMA AND CHRISTIAN ART



This article is a listicle about films that in various ways have touched the Christian and the Malayalam cultural side of our lives.

As a church going Catholic, more than the prayers it's the hymns that have drawn me, like most other Christians towards the Church. Hymns are a beautiful way to instantly connect with God and here's a list of films where you can listen to Hymns we all are familiar with.

### Hymns that we STILL sing in church:

| TRACK NAME | MOVIE NAME | YEAR OF RELEASE |
|---|---|---|
| Nithya Vishudhayam | Nadhi | 1969 |
| Nee Ente Velicham | Miss Mary | 1972 |
| Nanmma Nerum Amma | Aparadhi | 1977 |

### Hymns which are popular:

| TRACK NAME | MOVIE NAME | YEAR OF RELEASE |
|---|---|---|
| Njan Urangan Pokum | Thommante Makkal | 1965 |
| Vishuddhanaaya | Pearl View | 1970 |
| Vaazhthidunnithaa | Samagamam | 1993 |

### Hymns that I hope actually make it to church:

| TRACK NAME | MOVIE NAME | YEAR OF RELEASE |
|---|---|---|
| Ennodu Koode | Immanuel | 2013 |
| Sneham Nee Nadha | Charlie | 2015 |

Fr. Abel, the founder of Kalabhavan has also penned some beautiful songs which has been shown in movies such as the following:

| TRACK NAME | MOVIE NAME | YEAR OF RELEASE |
|---|---|---|
| Gaagultha Malayil | Changaatham | 1983 |
| Pokunnu Njaanen | Karmayogi | 1986 |

### Christmas Carols, enjoyed every year by almost each one of us have also been depicted in various films like:

| TRACK NAME | MOVIE NAME | YEAR OF RELEASE |
|---|---|---|
| Shantha Rathri | Thuramukham | 1979 |
| Deepamey | Unaroo | 1984 |
| Aaraadhana Nisha Sangeetha Mela (Lathiri Poothiri) | Nokkethaa Doorath Kannum Nattu | 1985 |
| Gabrielinte | Guppy | 2016 |

### Some other hymns in films:

| TRACK NAME | MOVIE NAME | YEAR OF RELEASE |
|---|---|---|
| Lokham Muzhuvan | Snehadeepame Mizhi Thurakku | 1972 |
| Sathyanayaka Mukthidayaka | Jeevitham Oru Gaanam | 1979 |
| Nee En Sarga Soundharyame | Kathodu Kathoram | 1985 |



Further, we can see the positive depictions of **Syrian Bands & Palli Perunaal** in some recent films such as the following:

| MOVIE NAME | YEAR OF RELEASE |
|---|---|
| Amen | 2013 |
| Angamaly Diaries | 2017 |
| Porinju Mariam Jose | 2019 |

**Margamkali**, a marriage dance form traditionally performed by ladies during Christian weddings also appears in a couple of movies in parts, namely in:

| MOVIE NAME | YEAR OF RELEASE |
|---|---|
| Vazhunnor | 1999 |
| Kangaroo | 2007 |
| Seniors | 2011 |
| Charlie | 2015 |
| Ittymaani Made in China | 2018 |

**Chavittu Nadakam**, a Latin Christian classical art form is shown in the 2010 release 'Kutty Srank wherein they perform on a story of 'Geevarghese Punyalan'

**Chatteyum mundum**, the traditional Christian attire has been shown as being worn in various films like Manassinakkare, Pothan Vava and more…

Overall, what our Faith teaches us - to choose **Good over Evil** is featured in some fun and heart touching films like:

| MOVIE NAME | YEAR OF RELEASE |
|---|---|
| Pranjiettan & The Saint | 2010 |
| Life of Josutty | 2016 |
| Kunju Daivam | 2019 |

There are many more films and songs that can be added to the above list and many more that are yet to come. Even the latest film 'Varanne Avashyamundu' has a beautiful and emotional hymn in Tamil though – 'O Yen Eesa.' Malayalam Cinema has a history of catering to all kinds of people and Christians particularly have their share of representation in a lot of these movies. Be it as a helping natured priest played by actor Thilikan in the 1987 release, Unnikale Oru Kadha Parayam or the absolute comical priest played by actor Innocent in the 1991 laugh riot film - Mimics Parade as Fr. Francis Tharakkandam or, the comical yet strong character played by actor Siddique in the recent Ittymaani Made in China (2018) as Fr. John Paul.

If you haven't watched any of the above-mentioned films, then there is no better time than now. Stay home, stay safe and while staying true to your faith, spend some time watching these movies.



**Sunita Vinod**

is a parishioner of St. Kuriakose Chavara Church, Kandivli East and has 18 years of experience in the media industry.

**TOUCH HERE**
TO LIKE, SHARE & COMMENT ON THIS ARTICLE ONLINE AT **www.thekalyanlantern.com**

# ദൈവത്തിന്റെ കൈയ്യൊപ്പ് ചാർത്തിയ പാട്ടുകൾ



ഒത്തിരിയധികം മുഖവുരകൾ ആവശ്യമില്ലാത്ത വ്യക്തിത്വമാണ് ബഹു. ബിനോജ് മുളവരിക്കൽ അച്ചൻ. ദൈവം നൽകിയ സംഗീതമെന്ന ദാനത്തെ ദൈവസ്തുതികൾ പാടുവാനായി ഉപയോഗിക്കുന്ന വ്യക്തി. എറണാകുളം - അങ്കമാലി അതിരൂപതയിലെ വൈദികനായ അച്ചനിലൂടെ ജനിച്ച ഏതാനും ചില ആത്മീയ സമ്മാനങ്ങളാണ്, '*കന്യകാ മേരിയമ്മേ*', '*അമ്മേ എന്റെ അമ്മേ*', '*ക്രൂശിതനേ ഉത്ഥിതനേ*', '*എന്തൊരത്ഭുതമാം*' തുടങ്ങിയ ഗാനങ്ങൾ. ദൈവം വളർത്തിയ തന്റെ ജീവിതത്തെക്കുറിച്ച് അച്ചന് പറയാനുള്ളവ നമുക്ക് ശ്രവിക്കാം.



**Fr. Binoj Mulavarukal**
is a Preacher, Singer and Music Composer. He is currently working in Rome as the Co-ordinator for the Youth of Syro-Malabar Church in Europe.

***ബിനോജ് അച്ചാ, ക്രിസ്തീയ സംഗീത ലോകത്തേയ്ക്ക് എങ്ങനെയാണ് അച്ചൻ കടന്നു വരുന്നത്?***

കുഞ്ഞുനാളിൽ മുതൽ എനിക്ക് പാട്ട് വളരെ ഇഷ്ടമായിരുന്നു. ദേവാലയത്തിലെ ഗായകസംഘത്തെ വളരെ കൗതുകത്തോടെ നോക്കി നിൽക്കുമായിരുന്നു ഞാൻ. പാടാൻ അതിയായ ആഗ്രഹമുണ്ടായിരുന്നെങ്കിലും, തീരെ ധൈര്യമില്ലാത്ത ഒരു പേടിത്തൊണ്ടനായിരുന്നു ഞാൻ. അതുകൊണ്ട് പള്ളിയിൽ പലപ്പോഴും ഗ്രൂപ്പിൽ പാടാൻ ശ്രമിച്ചിട്ടുണ്ട്. ഒറ്റയ്ക്ക് പാടാൻ ശ്രമിച്ചുവെങ്കിലും പരാജയമായിരുന്നു ഫലം; ഒറ്റയ്ക്ക് ഒരു ഗാനം പാടി, നന്നായി പൂർത്തീകരിക്കുവാൻ എനിക്ക് പതിനഞ്ചു വയസ്സുള്ളപ്പോൾ പോലും കഴിയുമായിരുന്നില്ല. പാട്ടുപാടാനുള്ള ഒരു കഴിവ് എന്റെ ഉള്ളിലുണ്ടെന്ന്, എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ടെങ്കിലും ദൈവവും ഞാനും ഒഴികെ മറ്റാരും അത് തിരിച്ചറിഞ്ഞിരുന്നില്ല. സെമിനാരിയിൽ ചേർന്നതിനുശേഷമാണ് സംഗീതത്തിൽ സജീവമാകുന്നത്.

***ആദ്യമായി എഴുതി, ഈണം കൊടുത്ത്, റെക്കോർഡ് ചെയ്ത പാട്ട് ഏതാണ്? അതിന്റെ അനുഭവം എന്താണ്?***

ആദ്യമായി എഴുതി, ഈണം കൊടുത്ത പാട്ടു തന്നെയാണ് ആദ്യമായി റെക്കോർഡ് ചെയ്യപ്പെട്ടതും. എനിക്ക് പതിനേഴു വയസ്സുള്ളപ്പോഴായിരുന്നു ആദ്യത്തെ പാട്ട് എഴുതുന്നത്. അന്ന് ഞാൻ മൈനർ സെമിനാരിയിൽ പഠിക്കുകയാണ്. അത് റെക്കോർഡ് ചെയ്തത് ഞാൻ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ റീജൻസി ചെയ്യുമ്പോഴാണ്. ആ സമയത്ത് ഇറക്കിയ 'പരിശുദ്ധ

ത്രിത്വം' എന്ന ആൽബത്തിൽ എന്റെ ആദ്യത്തെ രണ്ടു പാട്ടുകളുമുണ്ട്. ഒന്നാമത്തേത്, '*ആരുമില്ലാരുമില്ല*' എന്ന ഗാനം. രണ്ടാമത്തേത്, '*ഏകാകിയായൊരാ വേഴാമ്പൽ പോലെ ഞാൻ*' എന്നു തുടങ്ങുന്ന ഗാനം. '*ആരുമില്ലാരുമില്ല*' എന്ന് പാട്ട് എഴുതാൻ ഒരു പരിധി വരെ കാരണം, അമ്മയുടെ മരണമാണ്. എനിക്ക് പതിനഞ്ചു വയസ്സുള്ളപ്പോഴാണ് മരിക്കുന്നത്. അമ്മയുടെ മരണത്തിന് തൊട്ടു പിന്നാലെ, ഒരു വർഷം പോലും പൂർത്തിയാകുന്നതിനു മുമ്പായിരുന്നു എന്റെ സെമിനാരി പ്രവേശനം. ചെറുപ്പത്തിലെ ഒരു ദു:ഖഭാവം എന്നിൽ കൂടുതലായി ഉണ്ടായിരുന്നു. അതുകൊണ്ടാണ്, ആദ്യകാല ഗാനങ്ങളിലെല്ലാം ഈ ശോകം കൂടുതലായി കാണപ്പെടുന്നത്. മൈനർ സെമിനാരിയിലെ പഠനമുറിയിലെ എന്റെ കസേരയിൽ ചാരികിടന്നിട്ട്, വെറുതെ പാടിയതായിരുന്നു ആ ഗാനം. അങ്ങിനെയാണ് ആദ്യ ഗാനം പിറവിയെടുത്തത്. അതിന്റെ വരികളും ഈണവും ഒരുമിച്ചു വരുകയായിരുന്നു.

***പരിശുദ്ധ അമ്മയുമായിട്ടുള്ള ഒരു പ്രത്യേക അടുപ്പം അച്ചനുണ്ടല്ലോ? അച്ചന്റെ അമ്മയുടെ മരണശേഷമാണോ അച്ചൻ പരിശുദ്ധ അമ്മയുമായി കൂടുതലായി അടുക്കുന്നത്?***

അത് തീർച്ചയായും അങ്ങിനെ തന്നെയാണ്! മാതാവ് തന്നെ എന്നെ അടുപ്പിച്ചതു പോലെയാണ് എനിക്ക് എപ്പോഴും തോന്നിയിട്ടുള്ളത്. തീർച്ചയായിട്ടും സ്വന്തം അമ്മ നഷ്ടപ്പെട്ടപ്പോൾ പരിശുദ്ധ അമ്മയോട് ഒരു പ്രത്യേക അടുപ്പം ഉണ്ടായി. പിന്നീട് എഴുതിയ '*കന്യകാ മേരിയമ്മ*' യിലും, '*അമ്മേ എന്റെ അമ്മേ*' യിലും, '*കന്യാമാതാവേ സ്വസ്തി* ' എന്നീ ഗാനങ്ങളിലും ഈ അടുപ്പം പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ടാണ് '*അമ്മേ എന്റെ അമ്മേ*' യിൽ അവസാനം 'എന്റെ സ്വന്തം അമ്മ നീയേ' എന്ന് ഞാൻ പറഞ്ഞു വയ്ക്കുന്നത്. പരി. അമ്മയെക്കുറിച്ചുള്ള പുതിയ ഒരു പാട്ട് ഇപ്പോൾ ഒരുക്കിക്കൊണ്ടിരിക്കുന്നു.

***ഈശോയെ സംഗീതത്തിലൂടെ സ്തുതിക്കുകയും അങ്ങനെ ആത്മാക്കളെ നേടുകയും ചെയ്യുന്നതാണ് അച്ചന്റെ ദൈവവിളി എന്നു മനസ്സിലാക്കിയതെപ്പോഴാണ്? അതിന് ആസ്പദമായ എന്തെങ്കിലും സംഭവം ഉണ്ടെങ്കിൽ പങ്കുവയ്ക്കാം?***

കുഞ്ഞുന്നാളിലും സെമിനാരി കാലഘട്ടത്തിലും ഒക്കെ എന്റെ ദു:ഖത്തിലും എന്റെ ജീവിത പ്രാർത്ഥനകളിലും ഏറ്റവും സഹായിച്ചിട്ടുള്ളത് പാട്ടുകളാണ്. പാട്ടുകൾ കേൾക്കുമ്പോൾത്തന്നെ ആത്മീയ അനുഭവം ലഭിക്കുന്നു; കണ്ണു നിറയുന്നു; പ്രാർത്ഥിക്കുന്നു; ഈശോയോട് സ്നേഹം നിറയുന്നു. പാട്ടിന്റെ ചിറകുകളിൽ ദൈവത്തിലേക്ക് പറന്നുയരുന്നു.

പിന്നീട്, സ്വർഗ്ഗം എനിക്ക് പാട്ടുകൾ നൽകി തുടങ്ങിയപ്പോൾ ഞാൻ പാട്ടിനെ കണ്ടതും ആ രീതിയിലാണ്. ഒരു പാട്ട് ഇങ്ങനെ ആയിരിക്കണമെന്ന് എന്റെ




ഉള്ളിൽ തോന്നുമായിരുന്നു. പാട്ടുകൾ കേട്ട ആളുകൾ; പറയാൻ തുടങ്ങി. 'അച്ചാ ഇത് ഞങ്ങളുടെ ജീവിതമാണ് ജീവിതത്തെ വല്ലാതെ സ്പർശിച്ചു എന്നൊക്കെ. ഉദാഹരണത്തിന് ഒരു പെൺകുട്ടി മരിക്കാനായിട്ട് ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് '*സ്നേഹമേകീടേണമേ*' എന്ന പാട്ട് കേൾക്കുന്നത്. ആ പാട്ട് അവളെ പ്രത്യാശയിലേക്ക് കൊണ്ടു വരുന്നു. ഒരിക്കൽ ഹൈദരാബാദിലെ ഒരു ധ്യാനത്തിൽ ഒരു സ്ത്രീ പറഞ്ഞതോർക്കുന്നു. ഭർത്താവ് മരിച്ചത് അംഗീകരിക്കാനാവാത്ത ഒരു അവസ്ഥ! '*ക്രൂശിതനേ, ഉത്ഥിതനേ*', '*മിഴി നിറയും നേരം*' ഈ പാട്ടുകൾ ധ്യാനത്തിടയിൽ പാടി കേട്ടപ്പോൾ ഈ ദു:ഖം ഹൃദയത്തിൽ നിന്നും പോയി എന്നും അവർ അന്നു രാത്രിയിൽ വീട്ടിൽ ചെന്ന് മൃതസംസ്കാര ആൽബം തുറന്ന് ഭർത്താവ് മരിച്ചു എന്ന് അംഗീകരിക്കുകയും ചെയ്തത്രേ.

അതുപോലെ തന്നെ വർഷങ്ങളായി ക്ഷമിക്കാൻ പറ്റാതിരുന്ന ചില വ്യക്തികളോട് ക്ഷമിക്കാൻ പലർക്കും സഹായിച്ച വരികളാണ്. '*ചിരിക്കും മുഖവും, വിരിച്ച കരവും, മറക്കാൻ പറഞ്ഞുവെല്ലാം; രക്തം വിയർത്ത മുഖവും*' എന്നത്. അതുപോലെ, നാട്ടിലും യൂറോപ്പിലും പ്രത്യേകിച്ച് യുവജനങ്ങളുടെ ശുശ്രൂഷയിൽ ഞാൻ കണ്ടിരിക്കുന്ന ഏറ്റവും വലിയ ഒരു അത്ഭുതം, ഞാൻ പറയുന്ന പത്തു പ്രസംഗത്തേക്കാൾ നാലുവരി പാട്ടു പാടുമ്പോൾ ഇവരിൽ വല്ലാത്ത മാറ്റം ഉണ്ടാകുന്നു എന്നതാണ്. അതായത് ഒരു ദൈവിക ലഹരിയായിട്ടാണ് ഇവരിലേക്ക് സംഗീതം കടന്നു ചെല്ലുന്നത്. യുവാക്കൾക്കു വേണ്ടത് ഉപദേശമല്ലാ ആവേശമാണ്. യുവാക്കളുടെ ഹൃദയം തേടുന്നത് ലഹരിയാണ്. പാട്ടുകൾ എഴുതുമ്പോഴും പാടുമ്പോഴും, പാട്ടുകളുടെ വരികൾക്ക് ദൈവം ഒരു പ്രത്യേക കൃപ നൽകുന്നതാണ് ആത്മീയലഹരി. യൂറോപ്പിലെ യുവജനങ്ങളുടെ ഒരു programme-ൽ

‘*മറ്റാർക്കുമില്ലാത്ത സൗന്ദര്യമേ, മറ്റെങ്ങുമില്ലാത്ത ആശ്വാസമേ,*’ രണ്ടു വരി പാട്ട് മാത്രം അരമണിക്കൂറോളം ഞാൻ പാടിക്കൊണ്ടിരിക്കുമ്പോൾ അതിൽ പങ്കെടുത്ത അൻപതോളം യുവജനങ്ങൾക്ക് വലിയ ഒരു ആത്മീയ അഭിഷേകം സംഭവിച്ചു. അങ്ങനെ ഒരു പാട് അനുഭവങ്ങളുണ്ട്. സംഗീതത്തിലൂടെ ഈശോ എന്റെ പൗരോഹിത്യത്തെ അത്ഭുതകരമായി ഉപയോഗിക്കുന്നു.

***ഒരു പാട്ട് ജനിക്കുന്നതിന് വേണ്ടി അച്ചൻ ആത്മീയമായി ഒരുങ്ങുന്നത് എങ്ങിനെയാണ്?***

ഒരു പാട്ട് ജനിക്കുന്നത് ഞാൻ പോലും അറിയാതെയാണ്. എന്റെ ഒരുക്കവും മറ്റു കാര്യങ്ങളും ദൈവം നോക്കുന്നില്ല; ഞാൻ ആരൊടെങ്കിലും സംസാരിച്ച് കൊണ്ടിരിക്കുമ്പോഴായിരിക്കാം, ഒരു വണ്ടിയിൽ യാത്ര ചെയ്തു കൊണ്ടിരിക്കുന്ന




സമയത്തായിരിക്കാം, ചിലപ്പോൾ ആ വണ്ടിയിൽ ആ സമയത്ത് പ്രാർത്ഥന നടക്കുന്നുണ്ടാകാം. പക്ഷേ പെട്ടെന്ന് എനിക്കൊരു പാട്ടു വരാം. അത് തുടക്കമാണ്. അത് വന്നു കഴിയുമ്പോൾ പിന്നെ ഞാൻ പാടി പാടി എന്റെ ഉള്ളിൽ ഇട്ട് അത് ഇങ്ങിനെ കുറേ നാൾ കൊണ്ടു നടക്കും. അത് ഉടനെ പൂർത്തീകരിക്കണമെന്നില്ല. ‘*അമ്മേ എന്റെ അമ്മേ*’ എന്ന പാട്ടിന്റെ ആദ്യത്തെ പല്ലവിയുണ്ടായിട്ട് അത് പൂർത്തീകരിച്ചത് ഏകദേശം രണ്ടര വർഷം കഴിഞ്ഞുമാത്രമാണ്. ഞാൻ തന്നെ അത് കുറേ നാൾ ഉള്ളിലിട്ട് പാടും. അങ്ങനെ പാടുമ്പോൾ നമ്മുടെ പ്രാർത്ഥനയിലും ആരാധനയിലുമൊക്കെ ഈ പാട്ട് പാടി പാടി അതിനൊരു ചിട്ട വരും. അങ്ങിനെയാണ് അത് രൂപപ്പെടുന്നത്. അതിന്റെ ഓരോ വരിയും ഈണവും എനിക്ക് ഇഷ്ടപ്പെട്ട് അത് എനിക്ക് തന്നെ പ്രാർത്ഥനയാകുന്നത് വരെ ഞാൻ കാത്തിരിക്കും. അവസാനം ഇത് തന്നെയാണ് ശരിയായ രൂപം എന്നും, ഇനിയൊന്നും ചെയ്യാനില്ല എന്ന ഒരു ബോദ്ധ്യവും എനിക്ക് ലഭിക്കും. ഈ വരികൾക്കുള്ളിൽ എന്തെങ്കിലും പുതിയ ഒരു ധ്യാന ചിന്ത പറയാൻ വേണം. ഉദാഹരണത്തിന് ‘*കാനായിലെ കൽഭരണി പോൽ വക്കോളം നിറച്ച് ഞാനും*’ അതിൽ ഓരോ വാക്കിനും അർത്ഥമുണ്ട്. അങ്ങിനെ വരുന്നത് വരെ കാത്തിരിക്കുക എന്നുള്ളതാണ് മുഖ്യമായിട്ടുള്ളത്.

***അച്ചന്റെ പാട്ടുകൾ കേട്ടിട്ട് പങ്ക് വെച്ച അനുഭവങ്ങളിൽ അച്ചന് ഏറ്റവും ഹൃദയസ്പർശിയായ അനുഭവം ഏതാണ്?***

മലയാള ക്രിസ്തീയ ഭക്തിഗാനത്തിന് ദൈവം നൽകിയ ഒരു വലിയ വരദാനമാണ് കെസ്റ്റർ എന്ന ഗായകൻ. കുരിശിന്റെ വഴിയിലെ ഞാൻ രചിച്ച ‘*ഈശോയെ നിന്റെ വിലതീരാ രക്തം*’ എന്ന പാട്ടിന്റെ വരികൾ ഒരു പ്രാവശ്യം പാടിയതിനു ശേഷം, “ഇത് പാടിയത് അത്ര ശരിയായില്ല; ഞാൻ വീണ്ടും വരാം” എന്ന് പറഞ്ഞ് അദ്ദേഹം പോയി. വീണ്ടും വന്ന് പാടുമ്പോൾ അത് അദ്ദേഹത്തിന് ഒരു അനുഭവമായിരുന്നു എന്ന് പറയുകയും ചെയ്തു. പാട്ട് റെക്കോർഡിങ്ങ് കഴിഞ്ഞതിനുശേഷം, തനിക്ക് വ്യക്തിപരമായി കേൾക്കാൻ വേണ്ടി, പാട്ട് ഇറങ്ങുന്നതിന് മുമ്പ് തന്നെ അദ്ദേഹം പാട്ട് ആവശ്യപ്പെടുകയും ചെയ്തത് അടുത്ത കാലത്തുണ്ടായ സന്തോഷകരമായ ഒരു അനുഭവമാണ്. പ്രൊട്ടസ്റ്റന്റ് സഹോദരർ പോലും അവരുടെ ഏറ്റവും ഇഷ്ടപ്പെട്ട ഗാനങ്ങളിൽ ഒന്ന് മാതാവിന്റെ ‘*അമ്മേ എന്റെ അമ്മേ*’ എന്ന ഗാനമാണ് എന്ന് പറഞ്ഞത് എന്നെ കരയിപ്പിച്ച കാര്യമാണ്. പല ചെറുപ്പക്കാരും എന്നോടു പാട്ടു കേട്ടപ്പോഴുള്ള അനുഭവം പറഞ്ഞിട്ടുണ്ട്. അതിൽ ഒരു ചെറുപ്പക്കാരൻ പറഞ്ഞത് ഇങ്ങിനെയാണ് ‘ഞാൻ അധികം പള്ളിയിൽ പോകുകയോ പ്രാർത്ഥിക്കുകയോ ഒന്നും ചെയ്യുന്ന കൂട്ടത്തിലല്ല’. പക്ഷേ ‘*അമ്മേ എന്റെ അമ്മേ*’ എന്ന പാട്ട് കേട്ടിട്ട് എനിക്ക് മാതാവിനോട് മാത്രമല്ല എന്റെ സ്വന്തം അമ്മയോട് പോലും സ്നേഹം കൂടി. അങ്ങനെയുള്ള കുറേയെറെ അനുഭവങ്ങൾ ഉണ്ട്.

***മലയാള ക്രിസ്തീയ സംഗീത ലോകത്തിൽ അച്ചന്റേതായ ഒരു കയ്യൊപ്പ് പകർത്തിയിരിക്കുന്ന ഈ ജീവിതയാത്രയിൽ ഏറ്റവും കടപ്പാട് തോന്നുന്നത് ആരോടൊക്കെയാണ്?***

ചെറുപ്പത്തിൽ എന്റെ വീട്ടിൽ ടേപ്പ് റെക്കോർഡർ ഇല്ലാതിരുന്നപ്പോൾ അയൽപക്കത്തെ വീട്ടിലെ ടേപ്പ് റെക്കോർഡർ പാട്ട് കേൾക്കാൻ തന്ന പൗലോസ് ചേട്ടൻ (പാനികുളങ്ങര പൗലോസ്) മുതൽ ഓർക്കണം. വൈകുന്നേരങ്ങളിൽ അവിടെ പോയിരുന്ന് എപ്പോൾ വേണമെങ്കിലും എനിക്ക് പാട്ട് കേൾക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

പിന്നെ എറണാകുളം അങ്കമാലി മൈനർ സെമിനാരി



യിൽ 'കലാസദൻ പീറ്റർ' സർ ആണ് ആദ്യമായി എന്നെ കീബോർഡ് പഠിപ്പിച്ചത്. അന്നത്തെ എന്റെ സഹപാഠികൾ, ഗായകസംഘത്തിൽ അംഗങ്ങളായിരുന്നവർ, ഇതിനെല്ലാം പുറമെ അന്നത്തെ റെക്ടർ ജോസ് എടശ്ശേരി അച്ചൻ എന്നിവരെല്ലാം വളരെ പ്രചോദനമായിരുന്നു. അതുപോലെ പാലക്കാട് രൂപതയിലെ മാർട്ടിൻ തട്ടിൽ അച്ചൻ, ഞങ്ങളുടെ തന്നെ രൂപതയിലെ എബി എടശ്ശേരിയച്ചനും എന്നെ സഹായിച്ചിട്ടുണ്ട്. അതുപോലെ തന്നെ അതുല്യപ്രതിഭകളായ തദേവൂസ് അരവിന്ദത്ത് അച്ചൻ, വയലിൻ ജേക്കബ്, ജേക്കബ് കൊരട്ടി, ജോൺ പൈനുങ്കൽ അച്ചൻ എന്നിവർ എന്റെ സംഗീതയാത്രയിൽ അന്നും ഇന്നും ഒരുപാട് പ്രചോദനമേകുന്നവരാണ്.

***വളർന്നു വരുന്ന ഗായകരോടും, ഗായികമാരോടും, വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നവരോരടും അച്ചനു പറയാനുള്ളത് എന്താണ്?***

ഒരു പാട്ട് താളത്തിലും ശ്രുതിയിലും പാടുക എന്നത് ദൈവം നൽകുന്ന വിലയേറിയ ദാനമാണ്. ആ ദാനത്തെ നമ്മൾ എങ്ങനെ നന്നായി സൂക്ഷിക്കുന്നു എന്നത് തന്നെ, അത് വളരാൻ കാരണമാകും. എനിക്ക് കിട്ടിയ സാഹചര്യങ്ങൾ ഞാൻ ഉപയോഗപ്പെടുത്തി; അത് ഉപയോഗിക്കുതോറും ശക്തി പ്രാപിച്ചു കൊണ്ടിരുന്നു. കഴിവിനെ ദൈവമഹത്വത്തിനുവേണ്ടി ഉപയോഗിക്കുക എന്ന ഒരു ആത്മീയ മനോഭാവം നമ്മുടെ ഉള്ളിൽ ഉണ്ടാകണം. പള്ളിയിൽ പോയി കുർബ്ബാനയിലും, ആരാധനയിലും പാടാനും, വാദ്യോപകരണങ്ങൾ ഉപയോഗിക്കാനും കിട്ടുന്ന അവസരം എന്നത് ലോകത്തിലെ ഏറ്റവും വലിയ സംഗീതാർച്ചനയാണ്. എ. ആർ റഹ്മാന്റെ കൂടെ പാടാൻ കിട്ടുന്ന അവസരം എല്ലാവരും സുവർണ്ണ ലിപികളിൽ എഴുതിവയ്ക്കും. എന്നാൽ ആരാധനയിലും, കുർബ്ബാനയിലും പാടുമ്പോൾ കിട്ടുന്നത് പരി. അമ്മയോടും, ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്ന് പാടാനുള്ള അവസരമാണ്. ഇത് ഏറ്റവും അനുഗ്രഹീതമായ ഒരു അവസരമാണ്. ചെറിയ കാരണത്തിന്റെ പേരിൽ ഗായകസംഘത്തിൽ നിന്നും പിണങ്ങി പോകുന്നവരുണ്ട്.

നിങ്ങൾ മാറിപ്പോകുന്നത് വികാരി അച്ചന്റെയോ പള്ളിയുടെ അടുത്ത് നിന്നല്ല; മാതാവിന്റെ ഒപ്പം, വിശുദ്ധരുടെ ഒപ്പം ചേർന്നു നിന്ന മാലാഖമാർക്കൊപ്പം പാടാൻ കിട്ടുന്ന ഒരു വലിയ അവസരം നമ്മൾ ആരെങ്കിലും ഒരു ചെറിയ കാരണത്തിന് വേണ്ടി കളയുമോ? അത് കളയരുത് എന്നാണ് എനിക്ക് പറയാനുള്ളത്. എപ്പോഴും പരിശീലിക്കുക. വാദ്യോപകരണങ്ങൾ വായിക്കുന്നവനു, താൻ വായിക്കുന്നവ പ്രാർത്ഥിക്കുന്നവർക്ക് ദൈവാനുഭവത്തിനു തടസ്സമുണ്ടാകരുതെന്ന നിർബന്ധമുണ്ടാകണം. ഓരോ വാദ്യോപകരണം വായിക്കുന്നവരും പ്രാർത്ഥനയ്ക്കായി ഞാൻ തന്റെ എളിയ കഴിവ് ചേർത്തു വയ്ക്കുന്നു എന്ന് മാത്രം ചിന്തിക്കുക. ഇത് ഒരു പ്രകടനമല്ല, ആരാധന ആണെന്നുള്ള മനോഭാവം എപ്പോഴും ഉണ്ടായിരിക്കണം. അതുകൊണ്ട് ഓരോ വാദ്യോപകരണം വായിക്കുന്നവരും പാടുന്നവരും നിങ്ങൾ ഒറ്റയ്ക്ക് മാതാവിന്റെ മുമ്പിൽ, ഈശോയുടെ മുമ്പിൽ എങ്ങനെ പാടുമോ അങ്ങനെ വേണം പാടാൻ. അത് ദൈവസ്തുതിയാണ്; ആരാധനയാണ്.

***മറ്റെന്തെങ്കിലും കാര്യങ്ങൾ പറയാനുണ്ടെങ്കിൽ അത് ദയവായി പങ്കുവയ്ക്കാമോ?***

സംഗീതത്തിന്റെ മേഖലയിൽ നിൽക്കുമ്പോൾ പലർക്കും തോന്നാനിടയുള്ള കാര്യം ഇതാണ്.

'എനിക്ക് വേണ്ടത്ര അവസരങ്ങൾ കിട്ടിയില്ല' എന്നത്. എന്നെ ആരും വളർത്തിയില്ല, എന്നെ പിന്തുണയ്ക്കാൻ ആരുമില്ലയെന്ന് പറയുന്നവരെ ചിലപ്പോൾ ഞാൻ കണ്ടിട്ടുണ്ട്. ഒരു കാര്യം, ഞാൻ പറയട്ടെ, നമ്മൾ തന്നെയാണ് നമ്മളെ വളർത്തേണ്ടത്, ദൈവത്തോടൊപ്പം. ദൈവം തക്ക സമയത്ത് നമ്മുക്ക് വേണ്ടതൊക്കെ ചെയ്തു തരും. മനുഷ്യർ വളർത്തിക്കഴിഞ്ഞാൽ മനുഷ്യരുടെ അത്രയുമേ വളരുകയുള്ളൂ. എന്നാൽ ദൈവം വളർത്തിയാലോ? ദൈവത്തോളം ഉയർത്തും. അത്രമതി! ദൈവം നമ്മെ വളർത്തിയാൽ മതി – അതാണ് സത്യം. അത് ഞാൻ എന്റെ ജീവിതത്തിൽ അനുഭവിച്ചിട്ടുള്ള കാര്യമാണ്. ശരിക്കും നമ്മളെ ദൈവമാണ് വളർത്തേണ്ടത് മറ്റുള്ളവരല്ല.

For Team Lantern,
**Fr. Shaiju Kattayath**

**TOUCH HERE**
TO LIKE, SHARE & COMMENT ON THIS ARTICLE ONLINE
AT **www.thekalyanlantern.com**

# Praising, Worshiping and Living the Catholic Faith via Music




> "Wherever I went, I started picking up new action songs and would teach whenever I got a chance. It eventually became a part of me and I enjoyed them too. For me, it was not a mere pass time but an expression of happiness to the Lord."

Talent, is a gift as well as a responsibility given to us by God. We use our strengths and talents to work for God while through our weaknesses and inabilities we become testimonies of how God can work within us.

It is through my parents that my brother and I received the talent to sing. And to me, music has always been my home. I am at my best when I sing or listen to good music or when I get to meet people who share a similar interest in music.

